സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് വർദ്ധനവ്

30(3239) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 ഏപ്രിൽ മുതൽ സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും വരുന്ന വർദ്ധനവ് സാധാരണക്കാരെ വളരെ ബുദ്ധിമുട്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതൊഴിവാക്കാൻ അഞ്ചുസെന്റ് വരെ സ്ഥലം വാങ്ങുന്നതിനുള്ള രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടി നിലവിലുള്ള റേറ്റിൽ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന നികുതി വരുമാനം

31 (3240) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന നികുതി വരുമാനം ഏപ്രിൽ ഒന്നു മുതൽ ഇല്ലാതാവുന്നുണ്ടോ ;

(ബി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി ഇതര ചെലവുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി തുക കൂടിയാണ് വിനിയോഗിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സാമ്പത്തികമായി സഹായിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിൽ നിന്നും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2004-05 സാമ്പത്തിക വർഷം മുതൽ തുക നൽകുന്നില്ല. 2004-05 സാമ്പത്തിക വർഷം മുതൽ റവന്യൂ ബഡ്ജറ്റിൽ പ്രസ്തുത ഇനത്തിന് തുക ഉൾക്കൊള്ളിച്ചിട്ടില്ല. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

ശിപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ ലഭിച്ചു വരുന്ന വിവിധ നികുതികളുടെ വിഹിതം പ്രത്യേക ലക്ഷ്യങ്ങൾക്കായോ പൊതുവായിട്ടോ നൽകുന്ന ധനസഹായത്തിന് പകരമായി, സംസ്ഥാനത്തിന്റെ സ്വന്തം നികുതി വരുമാനത്തിന്റെ 3 ½ ശതമാനം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ജനറൽ പർപ്പസ് ഗ്രാന്റായി ലഭ്യമാകുന്നതാണ്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

മുദ്രപ്പത്രങ്ങളുടെ ക്ഷാമം

32(3241) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുദ്രപത്രങ്ങളുടെ ക്ഷാമം ഉണ്ടായിട്ടുള്ളതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ ;

(ബി) മുദ്രപത്രം സംബന്ധിച്ച് കേന്ദ്രത്തിന് അടയ്ക്കേണ്ട സംഖ്യ കുടിശ്ശിക ആയതുകൊണ്ടാണ് മുദ്രപത്രക്ഷാമം ഉണ്ടായതെന്നത് ശരിയാണോ; സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിന് നൽകേണ്ട കുടിശ്ശിക എത്ര ;

(സി) ആവശ്യത്തിന് മുദ്രപത്രം ലഭിക്കാതെ വന്നതുമൂലം വ്യാജ മുദ്ര പത്രങ്ങൾ പ്രചരിക്കുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) 50 രൂപയ്ക്ക് താഴെയുള്ള മുദ്രപത്രങ്ങൾക്ക് ക്ഷാമം ഉണ്ടായിട്ടുള്ളത് ബോധപൂർവ്വമാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അഞ്ച്, പത്ത്, ഇരുപത്, അൻപത് രൂപയുടെ മുദ്രപത്രങ്ങൾ ലഭിക്കാത്തതുമൂലം സർക്കാരിനുണ്ടായ വമ്പിച്ച സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് ഇതിന്റെ വിതരണം ത്വരിതപ്പെടുത്താൻ അടിയന്തരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 500 രൂപ വരെ മുഖവിലയുള്ള മുദ്രപത്രങ്ങൾ ഹൈദരാബാദ് സെക്യൂരിറ്റി പ്രിന്റിംഗ് പ്രസ്സിൽ നിന്നുമാണ് സംസ്ഥാനത്ത് വിതരണം ചെയ്യുന്നത്. സംസ്ഥാനത്തുനിന്നും ലഭിക്കുന്ന ഇൻഡന്റ് പ്രകാരം അവർ നേരിട്ട് തപാൽ മാർഗ്ഗം ജില്ലാ സ്റ്റാമ്പ് ഡിപ്പോകൾക്കും, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയ്ക്കും അയച്ചു തരികയാണ് പതിവ്. എന്നാൽ ഒക്ടോബർ 2004 മുതൽ സംസ്ഥാനത്തേക്ക് ആവശ്യമായ സ്റ്റാമ്പ് അനുവദിക്കണമെങ്കിൽ പുതുക്കിയ നടപടിക്രമങ്ങൾ സ്വീകരിക്കണമെന്ന് പ്രസ്സ് അധികാരികൾ അറിയിച്ചു. ഇതുപ്രകാരം ആവശ്യപ്പെടുന്ന സ്റ്റാമ്പിന്റെ വിലയുടെ 30% ഇൻഡന്റ് സമർപ്പിക്കുമ്പോഴും, ബാക്കി 70% സ്റ്റാമ്പ് എടുക്കുന്നതിന് പ്രസ്സിൽ ചെല്ലുന്ന സമയത്തും അടയ്ക്കണമെന്നാണ് വ്യവസ്ഥ. ഇപ്രകാരം സ്റ്റാമ്പ് കൊണ്ടുവരുമ്പോൾ മാത്രമേ ജില്ലാ സ്റ്റാമ്പ്

LIBRARY ARCHIVES Kerala Legislative Assembly